15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111 | 29-01-2024 - ൽ മറുപടിയ്ക്ക്

സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിന് മുൻപ് ഏതൊക്കെ സാഹചര്യങ്ങളിലാണ് സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **സിആർ.പി.സി വകുപ്പ് 41**<br><br>ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾ പ്രകാരം, ഒരു വ്യക്തിയുടെ അറസ്റ്റ് അവശ്യമില്ലാത്ത എല്ലാ കേസുകളിലും പോലീസ് ഉദ്യോഗസ്ഥൻ, ഏത് വ്യക്തിക്കെതിരെയാണ് ന്യായമായ പരാതി ഉന്നയിക്കപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ വിശ്വസനീയമായ വിവരം ലഭിച്ചിട്ടുള്ളത് അല്ലെങ്കിൽ ടിയാൻ പോലീസിന് നേരിട്ട് കേസെടുക്കുന്ന ഒരു കുറ്റകൃത്യം ചെയ്തതായി ന്യായമായ സംശയം ഉള്ള പക്ഷമോ, ടിയാന്റെ മുൻപിലോ അല്ലെങ്കിൽ നോട്ടീസിൽ വ്യക്തമാക്കും പ്രകാരം മറ്റ് സ്ഥലത്തോ ഹാജരാകുന്നതിന് നിർദ്ദേശിച്ച് കൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതാണ്. |
| (ബി) | സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ് നൽകുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | **CrPC 41A പ്രകാരം നോട്ടീസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1.നോട്ടീസിന്റെ ഒറിജിനൽ പ്രതിക്ക് അല്ലെങ്കിൽ സംശയിക്കപ്പെടുന്നയാൾക്ക് നൽകണം.**<br><br>**2. ഒരു കാർബൺ പകർപ്പ് (വെള്ള പേപ്പറിൽ) അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ കേസ് ഡയറിയിൽ സൂക്ഷിക്കേണ്ടതും ആയത് ആവശ്യപ്പെടുന്ന സമയത്ത് ബന്ധപ്പെട്ട മജിസ്ട്രേറ്റിനെ കാണിക്കാവുന്നതുമാണ്.**<br><br>**3. ഉപയോഗിച്ച ബുക്ക് ലെറ്റുകൾ അന്വേഷണ ഉദ്യോഗസ്ഥൻ പോലീസ് സ്റ്റേഷൻ SHO-യെ തിരികെ ഏൽപ്പിക്കേണ്ടതും അന്വേഷണം പൂർത്തീകരിച്ച്, CrPC 173(2) വകുപ്പ് പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ആയത് സൂക്ഷിക്കേണ്ടതുമാണ്.** |

| | | | |
|---|---|---|---|
| (സി) | യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റിനെ പുലർച്ചെ അടൂരിലെ വീട്ടിൽ നിന്നും തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് അറസ്റ്റ് ചെയ്തു കൊണ്ടുപോയ സംഭവത്തിൽ സിആർ. പി. സി. പ്രകാരമുള്ള 41A നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നോട്ടീസ് നൽകിയത് എന്ന് വിശദമാക്കാമോ? | (സി) | **കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1372/2023 കേസിൽ രാവിലെ അറസ്റ്റ് ചെയ്യപ്പെട്ട പ്രതിയ്ക്ക് 41 A പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ